# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3096** | **21-06-2013 ൽ മറുപടിയ്ക്ക്**

## ഡ്രിപ്പ് ഫെർട്ടിഗേഷൻ പദ്ധതി

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ജലദൗർലഭ്യം കൃഷിക്ക് തടസ്സമാകുന്ന പ്രശ്നത്തിൽ കർഷകർക്ക് ആശ്വാസമേകുവാൻ വേണ്ടി ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സി.ഡബ്ലിയു.ആർ.ഡി.എം) വികസിപ്പിച്ചെടുത്ത ഡ്രിപ്പ് ഫെർട്ടിഗേഷൻ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(എ) കണിക ജലസേചനത്തിലൂടെ ചെടിക്കാവശ്യമായ വെള്ളത്തോടൊപ്പം ലയിക്കുന്ന വളങ്ങളും നൽകുന്ന രീതിയാണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ. ജലത്തിന്റെ ദൗർലഭ്യം നേരിടുന്ന കേരളത്തിലെ കൃഷിക്കാർക്ക് ഡ്രിപ്പ് ഫെർട്ടിഗേഷൻ സംവിധാനം വളരെ ഫലപ്രദമായ ഒന്നാണ്. കൃഷിവകുപ്പ് ഇത് നടപ്പാക്കാനായി കൃഷിക്കാർക്ക് 75% വരെ സബ്സിഡി ഇപ്പോൾ അനുവദിക്കുന്നുണ്ട്.

തിരുവനന്തപുരത്തുള്ളകേരള സർക്കാരിന്റെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവിറോൺമെന്റ് (KSCSTE) ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനമായ കോഴിക്കോട്ടുള്ള CWRDM ഉം സംസ്ഥാന കൃഷി വകുപ്പും സംയുക്തമായാണ് ' കർഷക പങ്കാളിത്തത്തോട് കൂടിയുള്ള ഡ്രിപ്പ് ഫെർട്ടിഗേഷന്റെ പ്രദർശനവും അവലോകനവും' എന്ന 85 ലക്ഷം രൂപ ചെലവ് വരുന്ന 3 വർഷത്തെ മെഗാ പ്രോജക്ട് നടപ്പിലാക്കുന്നത്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി (DST) യാണ് ഈ പ്രോജക്ടിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | നിലവിൽ എത്ര ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ തെങ്ങ്, കവുങ്ങ്, വാഴ, ഏലം, പച്ചക്കറികൾ എന്നീ വിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ കൃഷി സ്ഥലം തെരഞ്ഞെടുത്താണ് ഡ്രിപ്പ് ഫെർട്ടിഗേഷൻ നടപ്പിലാക്കുന്നത്. |
| (സി) | എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ജില്ലകളെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | CWRDM ന്റെ സാങ്കേതിക മാനവ ശേഷി പരിമിതമായതുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. കേരളത്തിന്റെ വടക്ക്, തെക്ക്, മധ്യഭാഗം, തീരപ്രദേശം, ഉയർന്ന പ്രദേശങ്ങൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയാണ് ഒൻപത് ജില്ലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. NBSS തയ്യാറാക്കിയ Agro Ecological Zone ന്റെ ഭൂപടം അടിസ്ഥാനമാക്കിയാണ് പ്രസ്തുത ജില്ലകളെ തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ഡി) | പത്തനംതിട്ട ജില്ലയിൽ അനുബന്ധ പദ്ധതി നടപ്പിലാക്കുന്നതിന് തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ